ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഹോമിയോപ്പതിക് വകുപ്പിൽ കണ്ണൂർ ജില്ലയിലെ ഫാർമസിസ്റ്റ് തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് 30-3-2002-ൽ നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 12-4-1999-നു മുമ്പ് ഉണ്ടായിരുന്ന ഒഴിവുകളിലേക്ക് 4 പേരെ ഇതിനകം നിയമിച്ചിട്ടുണ്ട്. 9 വേക്കൻസികൾ കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12-4-1999-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ അനുസരിച്ച് ഫാർമസിസ്റ്റ് തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യത നേഴ്സ് കം ഫാർമസിസ്റ്റ് കോഴ്സാണ്. ഇപ്പോൾ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്, സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനു മുമ്പുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്. സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന യോഗ്യതയുള്ളവരെ മാത്രമെ നിയമിക്കാൻ പാടുള്ളൂ. പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ ഒഴിവുകൾ ഇല്ലെന്നു പറഞ്ഞ് കോടതിയെ തെറ്റിദ്ധരിപ്പിച്ചതായുള്ള ആക്ഷേപം, ഹോമിയോപ്പതി വകുപ്പിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാനരഹിതമാണ്. ഫാർമസിസ്റ്റ് തസ്തികയിലെ നിയമനത്തിനു സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യതയുള്ളവരെ ലഭ്യമല്ലാത്തതിനാലാണ് റിട്ടയർ ചെയ്ത ഫാർമസിസ്റ്റുമാരെ ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കോടതി ഉത്തരവ് അനുസരിച്ച് കണ്ണൂർ ജില്ലയിലെ താൽക്കാലിക നിയമനത്തിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ റദ്ദ് ചെയ്തിട്ടുണ്ട്.

(36) ഓണത്തിനുമുമ്പ് കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക വിതരണം

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് 21 മാസമായിട്ട് അവരുടെ പെൻഷൻ കുടിശ്ശികയാണ്. അതുകൊണ്ട് ഓണത്തിനുമുമ്പ് അവരുടെ പത്ത് മാസത്തെ കുടിശ്ശികയെങ്കിലും കൊടുക്കാൻ നടപടി സ്വീകരിക്കണം. അങ്ങനെ ചെയ്താൽ നൻമ നിറഞ്ഞ ഒരു കാര്യം ഈ ഗവൺമെന്റ് ചെയ്തെന്നു വരും.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 18 മാസത്തെ കുടിശ്ശികയുണ്ട്. കുറെ വർഷങ്ങളായിട്ട് ഇങ്ങനെ വന്നുക്കൊണ്ടിരിക്കുകയാണ്. എല്ലാ ഓണത്തിനും ഒരു ഗഡു കൊടുക്കാറുണ്ട്. ഈ ഓണത്തിനും ഒരു ഗഡു കൊടുക്കും. ഈ വർഷം പെൻഷൻ കുടിശ്ശിക കൊടുക്കുന്നതിന് പ്രത്യേക തുക ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ നിന്നും പണം ലഭ്യമാകുന്ന മുറയ്ക്ക് ഈ വർഷം 18 മാസമെന്നുള്ളത് പരമാവധി കുറയ്ക്കാൻ ശ്രമിക്കുകയാണ്. പക്ഷേ ഓണത്തിനുമുമ്പ് എല്ലാം കൂടി കൊടുക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. എല്ലാ വർഷവും ഓണത്തിന് കൊടുക്കുന്നതുപോലെ ഈ വർഷവും കൊടുക്കാം.

(37) നെടുമങ്ങാട് ഇ.ഇ.സി. മാർക്കറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കൽ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, നെടുമങ്ങാട് ഇ.ഇ.സി മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനവും പൂർത്തിയായിരിക്കുകയാണ്. അടിയന്തിരമായി ഒരു ഉന്നതതല യോഗം വിളിച്ചുച്ചേർത്ത് ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും മാർക്കറ്റ് പ്രവർത്തനക്ഷമമാക്കാനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഇ.ഇ.സി. മാർക്കറ്റിന്റെ പണി തീർന്നിട്ടുണ്ട്. മതിലിന്റെ പണി തീർന്നിട്ടില്ല, റോഡിന്റെ പണി തീർന്നിട്ടില്ല. അതിനാവശ്യമായ പണം കൊടുത്ത് ട്രിഡയെ കൊണ്ടുതന്നെ ഇതൊക്കെ ചെയ്യിക്കുന്നതിനാവശ്യമായ സംവിധാനം നടത്തുന്നുണ്ട്. ആ വിധത്തിൽ വേഗം പണി തീർക്കുന്നതാണ്.

(38) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പാലക്കയം-വട്ടപ്പാറ ഹൈഡൽ ഇലക്ട്രിസിറ്റി പ്രോജക്ട് തുടങ്ങേണ്ടത് സംബന്ധിച്ച്

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ തച്ചമ്പാറ പഞ്ചായത്തിലെ പാലക്കയം-വട്ടപ്പാറ മിനി ഹൈഡൽ ഇലക്ട്രിക് പ്രോജക്ടിന്റെ സർവ്വേ പൂർത്തിയായിട്ടുണ്ട്. അത് അടിയന്തിരമായി തുടങ്ങണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, സ്വകാര്യ മേഖലയിൽ നടപ്പിലാക്കാൻ ശുപാർശ ചെയ്തിട്ടുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ലോവർ വട്ടപ്പാറയും അപ്പർ വട്ടപ്പാറയും നടപ്പിലാക്കുന്നതിന് റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻസ് പ്രകാരം യോഗ്യത നേടിയ അപേക്ഷകരിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വഴിയാണ് പദ്ധതികൾ അനുവദിച്ച് കൊടുക്കുന്നത്. റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ഇഷ്യൂ ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

V. പ്രത്യേക പരാമർശം

വിദ്യാർത്ഥി സംഘടനകളുടെ സമരം ഒത്തുതീർപ്പാക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കഴിഞ്ഞ 12 ദിവസമായി സംയുക്ത വിദ്യാർത്ഥി സമരസമിതിയുടെ നേതൃത്വത്തിൽ നടന്ന സമരം ഗവൺമെന്റിനുപോലും ശക്തമായി എതിർക്കാൻ കഴിയാത്ത വിധത്തിൽ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുക്കൊണ്ടുള്ളതാണ്. വിദ്യാഭ്യാസ കച്ചവടക്കാരുടെ ധാർഷ്ട്യം നിറഞ്ഞ നിലപാട് നിയന്ത്രിക്കുക, ഫീസ് ഏകീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയിരുന്ന സമരം ഒരു ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചു കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ആ സമരത്തെ സംബന്ധിച്ച് ഒരു വലിയ കലാപം നടക്കുന്നു, ഗവൺമെന്റിനെ മറിക്കാനാണ് എന്നുള്ള നിലയിലുള്ള കശാപ്പാണ് കുട്ടികളുടെ നേരെ എടുത്തിട്ടുള്ളത്. അതിന്റെ ഫലമായിട്ട് ഇപ്പോൾ 23 കുട്ടികൾ ജയിലിലാണ്. 12 പേർ കോഴിക്കോട്, 6 പേർ എറണാകുളം, 3 പേർ തിരുവനന്തപുരം, 2 പേർ കൊല്ലം എന്നിങ്ങനെ 23 കുട്ടികൾ ഇപ്പോഴും ജയിലിലാണ്. തികച്ചും ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നടത്തിയ ആ സമരത്തിനെതിരെ അത്യന്തം ക്രൂരമായ നിലയിലുള്ള മർദ്ദനമഴിച്ചുവിട്ടും ഭ്രാന്തൻമാർ കിടക്കുന്ന സ്ഥലത്ത് അവരെ കൊണ്ടിടുകയുമൊക്കെ ചെയ്തിട്ടും അതെല്ലാം സഹിച്ചുക്കൊണ്ട് നടത്തിയ സമരം അവസാനം ഒത്തുതീർപ്പാകുമ്പോഴെങ്കിലും ഒരു സാമാന്യ മര്യാദ അനുസരിച്ച് അവരുടെ പേരിലുള്ള കേസുകളെല്ലാം പിൻവലിച്ച് അവരെ ജയിലിൽ നിന്നും ഇറക്കിവിടാൻ ശ്രമിക്കേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly